1) **<u>31.10.2018 ബുധനാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ. വി. സലിം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 132-ാമത് ജനറൽ കൗൺസിൽ യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. **വി. സലിം**, ചെയർമാൻ ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ, കൊച്ചി.
3) ശ്രീ. എം.സ്വരാജ്, ബഹു. എം.എൽ.എ, തൃപ്പൂണിത്തുറ.
4) ശ്രീ. വി.പി. സജീന്ദ്രൻ, ബഹു. എം.എൽ.എ., കുന്നത്തുനാട്.
5) ശ്രീ. പി.ടി. തോമസ്, ബഹു. എം.എൽ.എ., തൃക്കാക്കര.
6) ശ്രീമതി. ഉഷാകുമാരി പി.ആർ., ജില്ലാ ടൗൺ പ്ലാനർ & സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 16/2018-19</u>**

*26.06.2018 ൽ കൂടിയ 131-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങൾ.*

26.06.2018 ൽ കൂടിയ 131-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 17/2018-19</u>**

*29.11.2017 ൽ കൂടിയ 129-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ്.*

29.11.2017-ൽ കൂടിയ 129-ാമത് ജനറൽ കൗൺസിൽ യോഗതീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 18/2018-19</u>**

*19.02.2018-ൽ കൂടിയ 130-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ്.*

19.02.2018-ൽ കൂടിയ 130-ാമത് ജനറൽ കൗൺസിൽ യോഗതീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**<u>4. തീരുമാനം നമ്പർ 19/2018-19</u>**

*30.05.2018-ൽ കൂടിയ 494-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

30.05.2018-ൽ കൂടിയ 494-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**5. തീരുമാനം നമ്പർ 20/2018-19**

*26.06.2018 ൽ കൂടിയ 495-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

26.06.2018-ൽ കൂടിയ 495-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**6. തീരുമാനം നമ്പർ 21/2018-19**

*30.07.2018 ൽ കൂടിയ 496-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

30.07.2018-ൽ കൂടിയ 496-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**7. തീരുമാനം നമ്പർ 22/2018-19**

*20.08.2018 ൽ കൂടിയ 497-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

20.08.2018-ൽ കൂടിയ 497-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**8. തീരുമാനം നമ്പർ 23/2018-19**

*ജിസിഡിഎ - ധനകാര്യ വിഭാഗം - 2017-18 സാമ്പത്തിക വർഷത്തെ മാസാന്ത്യ കണക്കുകളും വർഷാന്ത്യ കണക്കുകളും അംഗീകരിക്കുന്നത് - സംബന്ധിച്ച്.*
*(നം.4325/എഫ്.ഡി.4/2017-18/ജിസിഡിഎ)*

2017-18 സാമ്പത്തിക വർഷത്തെ മാസാന്ത്യ കണക്കുകളും വർഷാന്ത്യ കണക്കുകളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 24/2018-19**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ചേരി നിർമ്മാർജ്ജനം - സംബന്ധിച്ച്.*
*(നം.4297/പി.എൽ.1/2017/ജിസിഡിഎ)*

വിഷയം വിശദമായി ചർച്ച ചെയ്തു. 2018-19 ലെ ജിസിഡിഎയുടെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള 'ചേരി നിർമ്മാർജ്ജനവും പാർപ്പിട പദ്ധതയിയും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്ത് തേവര-പേര□ൂർ കനാൽ

പുറമ്പോക്കിൽ ശോചനീയാവസ്ഥയിൽ കഴിയുന്ന പി.&റ്റി. കോളനിയിലെ 85–ഓളം കുടുംബങ്ങളെ സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് ജിസിഡിഎ വക രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 488–ൽ ഉൾപ്പെട്ട (50 സെന്റിൽ അധികരിക്കാത്ത) സ്ഥലം അനുവദിച്ച് നൽകുന്നതിന് 24.03.2018–ൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ ടി സ്ഥലത്ത് കൂടി 110KV ഇലക്ട്രിക് ലൈനും 11KV ഇലക്ട്രിക് ലൈനും കടന്നു പോകുന്ന സാഹചര്യത്തിൽ രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 488 (പാർട്ട്), 485(1) പാർട്ട്, 485(2) പാർട്ട്, 485(3) പാർട്ട് എന്നിവയിൽ ഉൾപ്പെട്ട പുന:ക്രമീകരിച്ച 70 സെന്റ് സ്ഥലത്ത് നാല് നിലകളുള്ള ര□ ് ബ്ലോക്കുകളിലായി 88 ഭവനങ്ങൾ ഉൾപ്പെടുന്ന $3725.96m^2$ വിസ്തീർണ്ണമുള്ള ഭവന സമുച്ചയം ആസൂത്രണ വിഭാഗം രൂപ കൽപ്പന ചെയ്ത് നഗരസഭയുടെ അനുമതിയ്ക്കായി സമർപ്പിച്ചതിൽ ഫയർ എൻ.ഒ.സി. ലഭ്യമാക്കും എന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണാനുമതി ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് പ്രസ്തു പദ്ധതിക്ക് ലൈഫ് മിഷൻ അനുവദിച്ച് തരുന്ന തുക കഴിച്ച് പദ്ധതിയ്ക്കാവശ്യമായി വരുന്ന തുക ജിസിഡിഎ വിവിധ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും ക□ ത്തുന്നതാണെന്ന് ലൈഫ് മിഷൻ സി.ഇ.ഒ. കത്ത് മുഖേന അറിയിച്ചതിൽ ലൈഫ് മിഷൻ സി.ഇ.ഒ. ബഹു. ചെയർമാന് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 31.07.2018–ന് ബഹു മുഖ്യമന്ത്രി പ്രസ്തുത പദ്ധതിയുടെ ശിലാസ്ഥാപനം നടത്തി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്.

തുടർന്ന് ബഹു. ചെയർമാൻ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം followup നടത്തുകയു□ ായി. 19.09.2018–ൽ ബഹു. ചെയർമാന്റെ നേതൃത്വത്തിൽ എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറി, ലൈഫ് മിഷൻ സി.ഇ.ഒ. എന്നിവരുമായി ചർച്ച നടത്തിയതിൽ ജിസിഡിഎ തയ്യാറാക്കി നഗരസഭാ അംഗീകാരം ലഭ്യമാക്കിയ രൂപകൽപ്പന നിലനിർത്തി പി & റ്റി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ സ്ഥലവില ഒഴികെ വരുന്ന പദ്ധതി ചെലവ് ലൈഫ് മിഷൻ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിൽ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. കൊച്ചി നഗരത്തിലെ മണ്ണിന്റെ ഘടന മൂലം ബഹുനില കെട്ടിടങ്ങൾക്ക് ആഴത്തിലുള്ള അടിത്തറ ഒഴിവാക്കാൻ കഴിയാത്ത ഘടകമായതിനാൽ Pile Foundation-ന് വരുന്ന ചെലവ് യൂണിറ്റ് നിരക്കിൽ അധികമായി അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടു□ ്. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ പദ്ധതി ചെലവ് ര□ ് ഭാഗങ്ങളായി പുന:ക്രമീകരിച്ചു. ഒന്നാം ഭാഗത്തിൽ 88 ഭവനങ്ങൾ ഉൾപ്പെടുന്ന ഭവന സമുച്ചയവും അനുബന്ധ ഭൗതിക സൗകര്യങ്ങളും ര□ ാം ഭാഗത്തിൽ നിയമാനുസൃതം ആവശ്യമായ അനുബന്ധ പശ്ചാത്തല ഭൗതിക സൗകര്യങ്ങളായ മാലിന്യ സംസ്ക്കരണ പ്ലാന്റ്, അഗ്നിശമന രക്ഷാമാർഗ്ഗങ്ങൾ, ചുറ്റുമതിൽ,

യാർഡ് ഡവലപ്പ്മെന്റ് ഡ്രെയിൻ, റെയിൻ വാട്ടർ ഹാർവെസ്റ്റ് എന്നിവയും ഉൾപ്പെടുത്തിയിട്ടു□ ് .

പ്രസ്തുത പദ്ധതിയുടെ ഓപ്പറേഷൻ & മെയിന്റനൻസ് വിഷയത്തിൽ 09.10.2018–ലെ ലൈഫ് മിഷൻ സി.ഇ.ഒ.യുടെ കത്തിലെ നിർദ്ദേശങ്ങൾ കൗൺസിൽ ചർച്ച ചെയ്ത് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1) 09.10.2018–ലെ ലൈഫ് മിഷൻ സി.ഇ.ഒ.യുടെ LM/EW/GCDA/2018–ാം നമ്പർ കത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുള്ള ധനസഹായം ലഭ്യമാക്കി പദ്ധതി നിർവ്വഹണവുമായി മുമ്പോട്ട് പോകുന്നതിന് തീരുമാനിച്ചു. പ്രസ്തുത വിവരം ലൈഫ് മിഷൻ സി.ഇ.ഒ.–യെയും ബഹു. സർക്കാരിനെയും അറിയിച്ച് ധനസഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.
2) ജിസിഡിഎയുടെ ശക്തമായ സാങ്കേതിക വിഭവശേഷി ഉപയോഗിച്ച് പ്രസ്തുത പദ്ധതി ഏറ്റവും സാങ്കേതിക തികവോടെ സംസ്ഥാനത്തിന് തന്നെ മാതൃകയാക്കാവുന്ന വിധം നവീനമായ പ്രീഫാബ് പോലുള്ള സാങ്കേതിക വിദ്യകൾ കൂടി പരിഗണിച്ച് നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചു.

ബജറ്റിൽ ഉൾപ്പെടാത്തതും നയപരമായ തീരുമാനങ്ങൾ ആവശ്യമുള്ളതുമായ വിഷയങ്ങൾ ജനറൽ കൗൺസിൽ അംഗീകാരം ലഭ്യമാക്കിയ ശേഷം മാത്രമേ പുതുതായി ഏറ്റെടുക്കാവൂ എന്നും ജനറൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അത്തരം പദ്ധതികൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയാണ് വേ□ തെന്നും ശ്രീ. പി.ടി. തോമസ് ബഹു. എം.എൽ.എ. യോഗത്തെ അറിയിച്ചു. ഈ വിഷയത്തിൽ കൃത്യമായ ശ്രദ്ധ ചെലുത്തുന്നതാണ് എന്ന് ബഹു. ചെയർമാൻ അറിയിച്ചു.

യോഗം 11.30 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി

സെക്രട്ടറി